## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3482 — 18/02/2013-ൽ മറുപടിക്ക്

### കുടുംബശ്രീ അക്കൗണ്ടന്റുമാരെ പിരിച്ചുവിടുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ഗ്രാമപഞ്ചായത്തുകളിൽ അഞ്ച് വർഷമായി കുടുംബശ്രീ അക്കൗണ്ടന്റുമാരായി പ്രവർത്തിച്ചുവരുന്ന ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ടോ;<br>(ബി) എന്തു കാരണത്താലാണ് പ്രസ്തുത ജീവനക്കാരെ പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) & (ബി) ഇല്ല. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണ് കുടുംബശ്രീ സി.ഡി.എസ്സ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നത്. പ്രസ്തുത കരാർ, തുടർന്ന് ഓരോ വർഷവും സർക്കാരിന്റെ നിർദ്ദേശാനുസരണം, പുതുക്കി നൽകുകയാണ് ചെയ്യുന്നത്. നിലവിലുള്ള അക്കൗണ്ടന്റുമാരുടെ കാലാവധി 30/03/2013 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതുതായി നിയമനം നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (സി) പുതിയതായി നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതുതായി നിയമനം നടത്തുകയാണെങ്കിൽ മുൻപ് പ്രവർത്തിച്ചിരുന്നവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) നിലവിലുള്ള അക്കൗണ്ടന്റുമാർക്കും പുനർനിയമനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ